പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1200** 08.02.2013 ലെ മറുപടിയ്ക്ക്

## കേരള യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റുമാരുടെ നിയമനം

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള

**ഉത്തരം**

ശ്രീ. പി.കെ. അബ്ദു റബ്ബ്

*(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി)*

| | | | |
|---|---|---|---|
| (എ) | കേരള യൂണിവേഴ്സിറ്റിയിൽ അനധികൃതമായി നടത്തിയ അസിസ്റ്റന്റ് നിയമനം ഏതെല്ലാം കോടതികൾ പരിശോധിച്ചിട്ടുണ്ട്; | (എ) | ബഹുമാനപ്പെട്ട കേരള ലോകായുക്തയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയും പരിശോധിച്ചിട്ടുണ്ട്. |
| (ബി) | ഓരോ കോടതിയുടെയും വിധി എന്തായിരുന്നു; വിശദമാക്കുമോ; | (ബി) | കംപ്ലെയിന്റ് നം 572/2008, ൽ, 29/12/2011 തീയതിയിൽ വിധി പുറപ്പെടുവിച്ചുകൊണ്ട് ബഹു. കേരള ഉപ ലോകായുക്ത താഴെ പറയുന്ന ശുപാർശകൾ കോംപീറ്റന്റ് അതോറിറ്റിക്ക് നൽകുകയുണ്ടായി;<br><br>(1) അസിസ്റ്റന്റ് നിയമനത്തിൽ പക്ഷഭേദവും, സ്വജനപക്ഷവും നടത്തിയ, R1 (ഡോ. എം.കെ രാമചന്ദ്രൻ നായർ, മുൻ വൈസ് ചാൻസിലർ, കേരള സർവകലാശാല) , R3 (ഡോ. വി ജയപ്രകാശ്, മുൻ പ്രോ വൈസ് ചാൻസിലർ, കേരള സർവകലാശാല) R10 ( ശ്രീ. ബി.എസ് രാജീവ്) , R11 (ശ്രീ. എ.എ. റഷീദ്) R12 ( ശ്രീ. കെ എ ആൻഡ്രൂസ്), R13 ( ശ്രീ. എൻ വി. റസ്സൽ), എന്നിവർക്കെതിരെ, ഉചിതമായ നിയമ നടപടികൾ ആരംഭിക്കുക.<br><br>(2) ഒ.എം ആർ ഉത്തരകടലാസുകൾ ഒളിപ്പിച്ച് വച്ചതിനും നശിപ്പിച്ചതിനും, R1 (ഡോ. എം.കെ രാമചന്ദ്രൻ നായർ, മുൻ വൈസ് ചാൻസിലർ, കേരള സർവകലാശാല), R3 (ഡോ. വി. ജയപ്രകാശ്, മുൻ പ്രോ വൈസ് ചാൻസിലർ, കേരള സർവകലാശാല), എന്നിവർക്കെതിരെ ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുക.<br><br>(3) 2008 ൽ നിലവിൽ വന്ന കേരള സർവകലാശാല അസിസ്റ്റന്റ് റാങ്ക് ലിസ്റ്റും അതിന്റെ അടിസ്ഥാനത്തിൽ നടത്തിയ നിയമനങ്ങളും റദ്ദാക്കുക. |

| | | | |
|---|---|---|---|
| | | | (4) കേരള യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ടിലെ സ്റ്റാറ്റ്യൂട്ട് 8 , പാർട്ട് II ചാപ്റ്റർ ഫോർ അനുസരിച്ച് , ഒരു പുതിയ സെലക്ഷൻ ബോർഡ് രൂപീകരിച്ച്, കേരള സർവ്വകലാശാല അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നേരത്തെ അപേക്ഷിച്ചിരുന്ന എല്ലാ ഉദ്യോഗാർത്ഥികൾക്കും വീണ്ടും ഒരു പരീക്ഷ നടത്തുക.<br><br>അസിസ്റ്റന്റ് നിയമനം സംബന്ധിച്ച ഹർജികൾ ബഹു.മാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (സി) | നിയമനം റദ്ദ് ചെയ്തിട്ടും നിയമിച്ചവരെ പിരിച്ച് വിടാതിരിക്കാനുള്ള കാരണം വിശദമാക്കുമോ; | (സി) & (ഡി) | കേരള യൂണിവേഴ്സിറ്റി അസിസ്റ്റന്റ് നിയമനം സംബന്ധിച്ചുള്ള വിഷയം കേരള ഹൈക്കോടതിയുടെ പരിഗണനയിൽ ആയതിനാൽ നിയമിച്ചവരെ പിരിച്ച് വിടാനുള്ള നടപടികൾ സർവ്വകലാശാല തലത്തിൽ സ്വീകരിച്ചിട്ടില്ല |
| (ഡി) | നിയമ വിരുദ്ധ നിയമനം നേടിയവരെ അടിയന്തിരമായി പിരിച്ച് വിട്ട് പകരം നിയമനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ